# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2986 13.07.2015-ൽ മറുപടിയ്ക്ക്

### കള്ളനോട്ടുകളുടെ പ്രചാരം തടയുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കള്ള നോട്ടുകളുടെ പ്രചാരം വർദ്ധിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കള്ളനോട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പേർക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ; | (ബി) ഈ സർക്കാർ അധികാരമേറ്റശേഷം 227 കള്ളനോട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 233 പേർക്കെതിരെ നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. ഇതിൽ 4 കേസുകൾ എൻ.ഐ.എ. യ്ക്ക് അന്വേഷണത്തിന് കൈമാറിയിട്ടുണ്ട്. |
| (സി) കള്ളനോട്ട് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (സി) ബാങ്കുകളുടെ സഹകരണത്തോടെ പൊതുജനങ്ങ ൾക്കും, വ്യവസായികൾക്കും മറ്റും ബോധവൽ ക്കരണ ക്ലാസുകൾ നടത്തി രഹസ്യ വിവരങ്ങൾ ശേഖരിച്ച് അതിർത്തികൾ കേന്ദ്രീകരിച്ച് ശക്തമായ പോലീസ് പട്രോളിംഗും പരിശോധ നയും നടത്തി അന്യസംസ്ഥാന തൊഴിലാളി കളെ പ്രത്യേകമായി നിരീക്ഷിച്ചും സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന്റെയും, ഷാഡോ പോലീസി ന്റെയും സേവനം പ്രയോജനപ്പെടുത്തി ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു കൂടാതെ ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന വർക്കെതിരെ നിലവിലുള്ള നിയമമനുസരിച്ച് കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമെ കള്ളനോട്ട് ഉൾപ്പെട്ട കേസ് അന്വേഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് കുറ്റമറ്റ അന്വേഷണം നടത്തുന്നതിലേയ്ക്കായി അന്വേഷണ രീതി സംബന്ധിച്ച് പുതുതായി വരുന്ന സർക്കുലറുകൾ, കോടതി വിധികൾ, നിയമ ഭേദഗതികൾ എന്നിവ ഉൾപ്പെടുത്തി " UPDATES - 2015" എന്ന പേരിൽ റിഫ്രഷർ ക്ലാസ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ